# CHAPTER - 3
# SOCIAL ANALYSIS THROUGH SOCIOLOGICAL IMAGINATION
# (സാമൂഹിക വിശകലനം സമൂഹ ശാസ്ത്ര സങ്കല്പത്തിലൂടെ)

## 1. Commonsense Knowledge (സാമൂഹ്യബോധജ്ഞാനം)

- Direct understanding acquired through personal experiences and social interactions. (വ്യക്തിപരമായ അനുഭവങ്ങളിലൂടെയും സാമൂഹിക ഇടപെടലുകളിലൂടെയും ലോകത്തെക്കുറിച്ച് വ്യക്തികൾ നേരിട്ട് നേടിയെടുക്കുന്ന ധാരണയാണിത്.)
- A high score can only be achieved if you study for longer hours. (കൂടുതൽ സമയം പഠിച്ചാൽ മാത്രമേ ഉയർന്ന മാർക്ക് ലഭിക്കൂ എന്ന ധാരണ. എന്നാൽ പഠനരീതിയും വിശ്രമവും ഇതിൽ പ്രധാനമാണെന്ന് സാമാന്യ ബുദ്ധി ചിന്തിക്കുന്നില്ല.)
- Climate change is natural; human actions have no role in it. (കാലാവസ്ഥാ വ്യതിയാനം സ്വാഭാവികമാണ്, അതിൽ മനുഷ്യന് പങ്കില്ല എന്ന ധാരണ. പ്ലാസ്റ്റിക് കത്തിക്കുന്നതും ആഗോളതാപനവും ഇതിന് കാരണമാണെന്ന് സാമാന്യ ബുദ്ധി തിരിച്ചറിയുന്നില്ല.)
- Providing temporary shelters can solve housing problems. (താൽക്കാലിക ഷെൽട്ടറുകൾ നൽകിയാൽ ഭവനരഹിതരുടെ പ്രശ്നം തീരുമെന്ന ധാരണ. എന്നാൽ സാമ്പത്തിക അസ്ഥിരതയും തൊഴിലില്ലായ്മയുമാണ് ഇതിന്റെ യഥാർത്ഥ കാരണമെന്ന് ഇത് കാണുന്നില്ല.)

## 2. Limitations of Commonsense Knowledge (പരിമിതികൾ)

**a) Relies on speculations or practices (ഊഹങ്ങളെ അടിസ്ഥാനമാക്കുന്നു):**

- Eg:- Spending more time in learning alone makes it effective. (കൂടുതൽ സമയം പഠിച്ചാൽ മാത്രം മതിയെന്ന ധാരണ. ഗ്രൂപ്പ് പഠനവും വിശ്രമവും ഇതിൽ ഉൾപ്പെടുന്നില്ല.)

b) **Bases itself on stereotypes (വാർപ്പുമാതൃകകൾ):**

- Eg:- Teenagers are always rebellious and irresponsible. (കൗമാരക്കാർ എപ്പോഴും ഉത്തരവാദിത്തമില്ലാത്തവരും അനുസരണക്കേട് കാണിക്കുന്നവരുമാണെന്ന മുൻവിധി.)

**c) Not based on scientific observations (ശാസ്ത്രീയമായ അടിത്തറയില്ല):**

- Eg:- Eating till you are full is good for health. (വയറു നിറയെ ആഹാരം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ് എന്ന് കരുതുന്നത്. പോഷകാഹാരത്തെക്കുറിച്ച് ഇതിൽ ശാസ്ത്രീയമായ അറിവില്ല.)

**d) Provides only partial knowledge (ഭാഗികമായ അറിവ്):**

- Eg:- Thinking poverty is only due to laziness. (ദാരിദ്ര്യത്തിന് കാരണം മടി മാത്രമാണെന്ന് കരുതുന്നത്. അതിന്റെ പിന്നിലെ സാമൂഹിക കാരണങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.)

## 3. Sociological Imagination (സമൂഹ ശാസ്ത്ര സങ്കല്പം)

- The skill to see individual problems as part of the wider social structure. (വ്യക്തിപരമായ പ്രശ്നങ്ങൾ എങ്ങനെയാണ് വിശാലമായ സാമൂഹിക ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്ന് തിരിച്ചറിയാനുള്ള നൈപുണ്യമാണിത്.)

## Characteristics of Sociological Imagination (സമൂഹ ശാസ്ത്ര സങ്കല്പത്തിന്റെ സവിശേഷതകൾ)

a) **Broadens individual perspective (കാഴ്ചപ്പാട് വിശാലമാക്കുന്നു):**

- Eg: (Road Accident): An accident is not just due to carelessness. Factors like violation of traffic rules, overcrowding of vehicles, and unscientific road construction are also causes (ഒരു അപകടം ഡ്രൈവറുടെ അശ്രദ്ധ കൊണ്ട് മാത്രമല്ല; ഗതാഗത നിയമലംഘനം, വാഹനങ്ങളുടെ തിരക്ക്, അശാസ്ത്രീയമായ റോഡ് നിർമ്മാണം എന്നിവയും ഇതിന് കാരണമാകാം.)

b) **Deep understanding of social issues (സാമൂഹിക പ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നു):**

- (Women in Workforce): Cultural norms expect women to stay at home as caretakers, which limits their employment (സ്ത്രീകൾ വീട്ടിലിരുന്ന് പരിചരണം നൽകണം എന്ന സാമൂഹിക നിയമം അവരുടെ തൊഴിൽ അവസരങ്ങളെ ഇല്ലാതാക്കുന്നു.)

c) **Enables self-reflection (സ്വയം വിലയിരുത്തൽ):**

- Eg: (Ishan's Decision): Critically evaluating one's own thoughts and actions to find social causes behind personal problems. (സ്വന്തം ചിന്തകളെയും പ്രവർത്തികളെയും വിമർശനാത്മകമായി വിലയിരുത്തി വ്യക്തിപരമായ പ്രശ്നങ്ങൾക്ക് പിന്നിലെ സാമൂഹിക കാരണങ്ങൾ കണ്ടെത്തുന്നു.)

d) **Develops empathy and tolerance (സഹാനുഭൂതിയും സഹിഷ്ണുതയും):**

- Eg: (Student with low scores): Instead of concluding the child is 'lazy', looking at family background and limited access to resources. (കുട്ടി മടിയനാണെന്ന് പറയുന്നതിന് പകരം, അവന്റെ കുടുംബ പശ്ചാത്തലവും വിഭവങ്ങളുടെ കുറവും മനസ്സിലാക്കി അവനെ പിന്തുണയ്ക്കുന്നു.)

e) **Develops critical thinking (വിമർശനാത്മക ചിന്ത):**

- Eg: (Priya's Migration): Realizing that most migrants face similar problems due to wider social factors, not just personal failure. (കുടിയേറ്റക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ വ്യക്തിപരമായ പരാജയമല്ല, മറിച്ച് സാമൂഹിക കാരണങ്ങൾ കൊണ്ടാണെന്ന് മനസ്സിലാക്കുന്നു.)

## 4. Comparison Table: Sociology Approaches

| **Commonsense Knowledge Approach (സാമാന്യബോധജ്ഞാന സമീപനം)** | **Sociological Imagination Approach (സമൂഹശാസ്ത്രസങ്കല്പ സമീപനം)** |
|---|---|
| It is limited to individual perspectives and experiences. വ്യക്തിഗത വീക്ഷണങ്ങളിലും അനുഭവങ്ങളിലുമായി പരിമിതപ്പെട്ടിരിക്കുന്നു. | Its scope is vast as it connects individual experiences with larger social structures. വ്യക്തിഗത അനുഭവങ്ങളെ വലിയ സാമൂഹിക ഘടനകളുമായി ബന്ധിപ്പിക്കുന്നതിനാൽ ഇതിന്റെ വ്യാപ്തി വലുതാണ്. |
| Often provides only surface-level explanations based on stereotypes. പലപ്പോഴും വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കിയുള്ള ഉപരിതല വിശദീകരണം മാത്രമേ നൽകുന്നുള്ളൂ. | Provides a deep analysis of the influence that social factors exert on individuals. സാമൂഹികഘടകങ്ങൾ വ്യക്തികളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ആഴത്തിൽ വിശകലനം ചെയ്യുന്നു. |
| Does not approach social realities and problems through critical thinking. <br><br> സാമൂഹിക യാഥാർത്ഥ്യങ്ങളെയും പ്രശ്നങ്ങളെയും വിമർശനാത്മക ചിന്തയിലൂടെ സമീപിക്കുന്നില്ല. | Encourages critical thinking about the interrelationship between personal experiences and social structures. <br><br> വ്യക്തിപരമായ അനുഭവങ്ങളും സാമൂഹിക ഘടനകളും തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുന്നതിന് പ്രേരിപ്പിക്കുന്നു. |

## 4. Comparison (താരതമ്യം)

| **Commonsense Knowledge (സാമൂഹ്യബോധജ്ഞാനം)** | **Sociological Imagination (സമൂഹ ശാസ്ത്ര സങ്കല്പം)** |
|---|---|
| **Poverty:** Laziness or lack of interest. (മടി അല്ലെങ്കിൽ താൽപ്പര്യക്കുറവ്.) | **Poverty:** Unemployment, lack of education, or low wages. (തൊഴിലില്ലായ്മ, വിദ്യാഭ്യാസക്കുറവ്, കുറഞ്ഞ ശമ്പളം.) |
| **Accident:** Individual carelessness. (വ്യക്തിപരമായ അശ്രദ്ധ.) | **Accident:** Poor roads, traffic, or faulty laws. (മോശം റോഡുകൾ, തിരക്ക്, നിയമത്തിലെ അപാകതകൾ.) |
| **Education:** Study longer for high scores. (കൂടുതൽ സമയം പഠിച്ചാൽ മാർക്ക് കിട്ടും.) | **Education:** Learning methods, resources, and mental rest. (പഠനരീതികൾ, വിഭവങ്ങൾ, വിശ്രമം.) |

OXFORD